(ബി) കെ. എം. ഫൈറിലിൻ എന്ന ഒരു കുട്ടിയുടെ പ്രസ്തുതസംഭവം സംബന്ധിച്ചുള്ള സങ്കടാപേക്ഷ ലഭിക്കുകയോ പ്രസ്താവന ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുകയോ ചെയ്തിട്ടുണ്ടോ ;

(സി) അതിന്മേൽ എന്തു നടപടിനടത്തി;

(ഡി) ഇത്തരംസംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും ആ കുട്ടികൾക്കു വേണ്ട സംരക്ഷണം നൽകാനും ഏർപ്പാടുചെയ്യുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) നടപടി എടുത്തുകൊണ്ടിരിക്കുന്നു.

(ഡി) സംഭവത്തിന്റെ വിശദവിവരങ്ങളെപ്പറ്റി അന്വേഷിച്ച് അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ വേണ്ടനടപടികൾ എടുത്തു വരുന്നു.

ആയുർവേദ ഡിസ്പെൻസറി.

* 78. [32] ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത സാമ്പത്തിക വർഷത്തിൽ എത്ര ആയുർവേദ ഡിസ്പെൻസറികൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്;

(ബി) ഒരു ആയുർവേദ ഡിസ്പെൻസറി സ്ഥാപിച്ചുകിട്ടണമെന്നു കാണിച്ച് കുണ്ടറ വില്ലേജിൽ നിന്നും വല്ല നിവേദനവും വന്നിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിനെപ്പറ്റി അനുകൂലമായ ഒരു തീരുമാനമെടുക്കാൻ ദയവുണ്ടാകുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ):

(എ) അടുത്ത സാമ്പത്തിക വർഷത്തിൽ (1964–65) 6 ആയുർവേദ ഡിസ്പെൻസറികൾ തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഉണ്ട്.

(സി) അതായത് ഡിസ്ട്രിക്കിലെ ഡിസ്ട്രിക്ട് ഡവലപ്പ്മെൻറ് കൗൺസിലുകളുടെ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് പുതിയ ഡിസ്പെൻസറികളുടെ സ്ഥാനനിർണ്ണയം ചെയ്യുന്നത്. കോട്ടയം ഡിസ്ട്രിക്കിലെ ഡിസ്പെൻസറിക്ക് സ്ഥാനനിർണ്ണയം ചെയ്യുമ്പോൾ കുണ്ടറയുടെ കാര്യം കൂടി പരിഗണിക്കാം.

പുതിയ പോലീസ് സ്റ്റേഷനുകൾ.

* 79. [35] ശ്രീ. എൻ. കുഞ്ഞുരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഡിസ്ട്രിക്ടിൽ എത്ര പുതിയ പോലീസ് സ്റ്റേഷനുകൾ ഇക്കൊല്ലം തുറക്കാൻ നിശ്ചയിച്ചിട്ടുണ്ട്;

(ബി) വാമനപുരം വില്ലേജിൽ കല്ലറ ജംഗ്ഷന്റെ പ്രാധാന്യവും ആവശ്യവും ആസ്പദമാക്കി ഒരു ചാർജിംഗ് സ്റ്റേഷൻ ഉടനടി തുറക്കുവാൻ ഉദ്ദേശമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ):

(എ) ഇക്കൊല്ലം തിരുവനന്തപുരം ഡിസ്ട്രിക്ടിൽ പുതിയ പോലീസ് സ്റ്റേഷനുകളും ഒന്നും തുറക്കാൻ ഉദ്ദേശിക്കുന്നില്ല.

(ബി) 'എ'ക്കു നൽകിയ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ക്ഷയരോഗബാധ.

* 80. [37] ശ്രീ. എൻ. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1963-64 സംവത്സരത്തിൽ സ്റ്റോറിൽ ക്ഷയരോഗബാധ മൂലം എത്രപേർ ആശുപത്രിയെ അഭയം പ്രാപിച്ചിട്ടുണ്ട്. അതിൽ എത്രപേർ മരിച്ചു;

(ബി) ക്ഷയരോഗബാധയ്ക്ക് പ്രധാനകാരണങ്ങൾ എന്തെല്ലാമാണ്; അതു തടയുന്നതിന് എന്തു നടപടി കൈക്കൊണ്ടു?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) 491 പേർ ആശുപത്രിയിൽ അഭയം പ്രാപിച്ചിട്ടുണ്ട്. അവരിൽ ഏഴുപേർ മരണമടഞ്ഞു.

(ബി) ആഹാരസാധനങ്ങൾ പാചകം ചെയ്യുന്ന അവസരത്തിലുള്ള അശ്രദ്ധയാണ് ക്ഷയരോഗബാധയ്ക്കുള്ള പ്രധാന കാരണം. ക്ഷയരോഗബാധയുണ്ടായാൽ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാർക്ക് വേണ്ട നിർദ്ദേശങ്ങൾ അപ്പപ്പോൾ കൊടുത്തുവരുന്നുണ്ട്. ഇതിനും പുറമേ, ഹെൽത്ത് എഡ്യൂക്കേഷൻ യൂണിറ്റുകൾ ക്ഷയരോഗബാധിത പ്രദേശങ്ങൾ സന്ദർശിച്ച് ക്ഷയരോഗബാധയുണ്ടായാൽ എടുക്കേണ്ട പ്രതിരോധനടപടികളെക്കുറിച്ച് പൊതുജനങ്ങൾക്ക് വേണ്ട ഉൽബോധനങ്ങളും നൽകുന്നുണ്ട്.

സീഡ് ഫാംസ്.

* 81. [40] ശ്രീ. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഈ പദ്ധതിക്കാലത്ത് സ്ഥാപിക്കുവാൻ നിശ്ചയിച്ചിരുന്ന സീഡ്ഫാംസ് എത്ര;

(ബി) അതിൽ എത്ര എണ്ണത്തിന്റെ പണി പൂർത്തിയായി; എത്രയെണ്ണം പൂർത്തിയാക്കാനുണ്ട്, ഫാമുകളിൽ എത്തെല്ലാം തരം വിത്തുകൾ ഉണ്ടാക്കുന്നുണ്ട്.

(സി) പാലക്കാട് ജില്ലയിലെ ജലസേചനം ലഭിക്കുന്ന താലൂക്കുകളിൽ ഇന്നു സാധാരണയായി കൃഷിക്കാർ ഉപയോഗിക്കുന്ന വിത്തിന്റെ ബ്രീഡിലുള്ള വിത്തു ലഭിക്കുന്നതിനായി ഏതെങ്കിലും സീഡ്ഫാംസ് ഉണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനുള്ള കാരണമെന്ത്?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്):

(എ) രണ്ടു സീഡ്ഫാംസ് പുതുതായി സ്ഥാപിക്കുവാനും ഒന്നിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കുവാനുമാണ് നിശ്ചയിച്ചിരുന്നത്.

(ബി) ഒരു സീഡ്ഫാമിന്റെ വിസ്തീർണ്ണം വർദ്ധിപ്പിച്ചു. പുതുതായി സ്ഥാപിക്കുവാനുള്ള ഫാംസിനുവേണ്ടി നിലമെടുപ്പ് പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അവയിലൊന്നിന് 12.81 ഏക്കർ നിലം കൈവശപ്പെടുത്തി കൃഷി നടത്തിക്കൊണ്ടിരിക്കുന്നു. സീഡ്ഫാമുകളിൽ വിരിപ്പ്

LIBRARY ARCHIVES Kerala Legislative Assembly